പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6632 12.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം എത്രയാണ്; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം 1.03 കോടി രൂപയാണ്. എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ വരുമാനവും ചെലവും തമ്മിലുള്ള പ്രതിദിന അന്തരം 1.83 കോടി രൂപയും, പ്രതിമാസം 55 കോടി രൂപയുമാണ്. ഈ നഷ്ടം നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച പഠനം നടത്തുന്നതിനുമായി M/s. Varma & Varma, Chartered Accountants -നെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്തുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കും എന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏത് തരത്തിലുള്ള പാക്കേജാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നല്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും എന്ന ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 125 കോടി രൂപയ്ക്കുള്ള ഒരു സ്പെഷ്യൽ പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. കാലപ്പഴക്കം ചെന്ന ബസ്സുകൾ നിരത്തിൽ നിന്ന് പിൻവലിച്ച് പുതിയ ബസ്സുകൾ വാങ്ങുന്നതിനും ദീർഘകാലമായി കൊടുക്കാനുള്ള എം.എ.സി.റ്റി കേസ്സുകളിലെ അവാർഡ് തുക കൊടുക്കുന്നതിനും, ബസ് ടെർമിനലുകൾ നവീകരിക്കുന്നതിനും, ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുമായുള്ള പദ്ധതികളാണ് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ